ഓം ശ്രീ സായിരാം

**സായീ വിവേകമുത്തുകൾ**(Sai Pearls of Wisdom satsang) **ഭാഗം 13D**

**വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ ജൂൺ, 2001(തുടർച്ച)**

**പ്രഫസർ അനിൽകുമാർ**

## ഇതൊക്കെ ആർക്ക് വേണം?

അപ്പോൾ നന്ദിപൂർവം ഞാൻ പറഞ്ഞു, ''ഭഗവാൻ, ഇക്കാര്യങ്ങളൊക്കെ ഞങ്ങളോട് ആര് പറയാനാണ്?''

ബാബ പറഞ്ഞു, ''ഇതൊക്കെ ആർക്ക് വേണം? എല്ലാവർക്കും അവരവർക്ക് താത്പര്യമുള്ളത്, ലൗകികപുരോഗതി, ധനം, പദവി, കുടുംബം ഇതൊക്കെ മതി. ഞാൻ ഇതൊക്കെ പറയാനൊരുക്കമാണ്, പക്ഷേ ആർക്ക് വേണം ഇതൊക്കെ? ആർക്കും വേണ്ട, ആർക്കും വേണ്ട. അതുകൊണ്ട്, 'ആരാണിതൊക്കെ പറഞ്ഞുതരാൻ' എന്ന് പറയേണ്ടാ. നിങ്ങളോട് പറയുന്നതിന് ഇവിടെ ഞാനുണ്ട്. എന്നാൽ, ആർക്കാണ് കേൾക്കുന്നതിന് താത്പര്യം? അവർക്ക് അവരുടേതായ ആഗ്രഹങ്ങളും അവരവരുടേതായ പ്രശ്നങ്ങളുമുണ്ട്. ഇക്കാര്യങ്ങൾ ആർക്കും ആവശ്യമില്ലാത്തതിനാലും ഇതൊക്കെ മനസ്സിലാക്കുന്നവർ ഇല്ലാത്തതിനാലും ഞാൻ ഇക്കാര്യങ്ങൾ സംസാരിക്കാറില്ല. എന്നാൽ, വാസ്തവത്തിൽ ഞാൻ ഇതിനെപ്പറ്റിയൊക്കെ സംസാരിക്കാൻ ആഗ്രഹിക്കുന്നു.''



ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

## സ്വാമീ, അവിടുന്ന് സ്വയം വേദന ഏറ്റെടുക്കരുതേ

ആ വർഷം, ശിവരാത്രി ആഘോഷം സമാപിച്ചപ്പോൾ, സ്വാമി ഏതാനും പ്രസ്താവനകൾ ചെയ്തു. അത് വളരെ രസകരമാണ്.

ശിവരാത്രിക്കിടയിൽ, അവിടുത്തെ ദിവ്യപ്രഭാഷണത്തിനു മുന്നോടിയായി സംസാരിക്കുന്നതിന് ഭഗവാൻ ഒരു ആൺകുട്ടിയോട് ആവശ്യപ്പെട്ടിരുന്നു. സംസാരിക്കുന്നതിനിടയിൽ ആ കുട്ടി പറഞ്ഞു, "സ്വാമീ, ഞങ്ങൾക്കിന്ന് ലിംഗം ദർശിക്കണമെന്നില്ല, എന്തുകൊണ്ടെന്നാൽ ലിംഗോത്ഭവത്തിനായി അവിടുന്ന് വളരെയധികം ആയാസപ്പെടുന്നു. അവിടുന്ന് ഇത്ര കഷ്ടപ്പെടുന്നതു കാണാൻ ഞങ്ങൾക്ക് താത്പര്യമില്ല. സ്വാമീ, സ്വയം ഇപ്രകാരം വേദനയേൽക്കരുതേ. ഞങ്ങൾക്കത് വേണ്ടാ."




എന്നിട്ടും, സ്വാമി നമുക്കെല്ലാവർക്കും വേണ്ടി ലിംഗോത്ഭവം നടത്തുകയുണ്ടായി. അടുത്ത ദിവസം സ്വാമി ആ കുട്ടിയെ മുമ്പോട്ടു വിളിച്ചു, "ഹേ കുട്ടീ, ഇവിടെ വരൂ. നീയെന്താണ് ഇന്നലെ പറഞ്ഞത്?"

"സ്വാമീ," ഇതു മാത്രമാണ് ഞാൻ പറഞ്ഞത്, "കഷ്ടപ്പെടരുതേ, സ്വയം വേദനിപ്പിക്കരുതേ. ഞങ്ങൾക്ക് അതിന് ആഗ്രഹമില്ല. ഇന്ന് ശിവലിംഗം വേണ്ടാ സ്വാമീ, കാരണം അവിടുന്ന് ഇങ്ങനെ കഷ്ടപ്പെടുന്നതു കാണാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല."

അപ്പോൾ ബാബ പറഞ്ഞു, "വേണ്ട, വേണ്ട, വേണ്ട. നിങ്ങൾക്ക് സന്തോഷമുണ്ടാകുന്നതിനായി ഞാൻ ക്ലേശം സഹിക്കുന്നതിന് ഒരുക്കമാണ്. നിങ്ങൾക്ക് ആത്മസംതൃപ്തിയേകത്തക്കവിധം നിങ്ങളെ സന്തോഷിപ്പിക്കുന്നതിനായി എന്തു ത്യാഗവും സഹിക്കുന്നതിന് ഞാനൊരുക്കമാണ്. എനിക്ക് എന്തു സംഭവിക്കുന്നു എന്നത് വിഷയമല്ല."

എന്നിട്ടവിടുന്ന് എന്നെ നോക്കിയിട്ട് പറഞ്ഞു, "ഇന്നലെ ആ കുട്ടി പറഞ്ഞു, 'സ്വാമീ, ലിംഗോത്ഭവം വേണ്ടാ സ്വാമീ, അവിടുന്നിങ്ങനെ ക്ലേശിക്കുന്നതു കാണാൻ ഞങ്ങൾക്കാവില്ല.'ഇനി പറയൂ അവൻ നേടിയോ നഷ്ടപ്പെട്ടോ, വിജയിച്ചോ പരാജയപ്പെട്ടോ? സ്വാമി ശിവലിംഗം സൃഷ്ടിക്കരുതെന്ന് അവനാഗ്രഹിച്ചു, എന്നാൽ സ്വാമി എങ്ങനെയായാലും

അത് സൃഷ്ടിച്ചു. അതുകൊണ്ട്, ഈ ആൺകുട്ടി വിജയിച്ചുവോ അതോ അവൻ പരാജയപ്പെട്ടുവോ?''

അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, ശിവലിംഗോത്ഭവവേളയിൽ അവിടുന്ന് പ്രയാസപ്പെടുന്നതു കണ്ടിട്ട്, അവന്റെ ഭഗവാനോടുള്ള ഹൃദയവികാരങ്ങൾ അറിയിക്കുന്നതിൽ അവൻ വിജയിച്ചു. പക്ഷേ, അവിടുന്ന് അവന്റെ അപേക്ഷ കേൾക്കാതെ ലിംഗം സൃഷ്ടിക്കുകയുണ്ടായി, അതുകൊണ്ടവൻ പരാജിതനായി. അവൻ വിജയിക്കുകയും അവൻ പരാജയപ്പെടുകയും ചെയ്തു.'' (*ചിരി*)

ഈശ്വരന്റെ കലയിൽനിന്ന് നമ്മളും ഇടയ്ക്കിടെ പഠിക്കും. (*ചിരി*) എപ്പോളും അവിടുന്നുമൊത്ത് ജീവിതം കഴിക്കുമ്പോൾ നമ്മളും ഗ്രഹിക്കും!

അപ്പോൾ ബാബ പറഞ്ഞു, ''അല്ലല്ല. രണ്ടു രീതിയിലും അവൻ വിജയിച്ചു.''

അന്തിമവാക്ക് അവിടുത്തേതായതിനാൽ, അവിടുന്ന് മറ്റാരുടെയും വാക്ക് സ്വീകരിക്കില്ല. അവിടുത്തേതാകുന്നു അന്തിമമായത്.




''അല്ലല്ല. അവൻ വിജയിക്കുകയും പരാജയപ്പെടുകയും ചെയ്തുവെന്ന് നീയെന്തിനാണ് പറയുന്നത്? അല്ല, രണ്ടടിസ്ഥാനത്തിലും അവൻ വിജയിച്ചു.''

''എങ്ങനെ, സ്വാമീ?''

ഭഗവാൻ പറഞ്ഞു, ''അവന്റെ ഹൃദയത്തിൽനിന്നും പ്രാർത്ഥിക്കുന്നതിൽ അവൻ വിജയിച്ചു. വളരെ നല്ലത്! പക്ഷേ, അവന്റെ പ്രാർത്ഥന കേട്ടിട്ട് ഞാൻ ലിംഗോത്ഭവം നടത്തിയില്ലായിരുന്നുവെങ്കിൽ, ഈ ആളുകളെല്ലാം ആ പുള്ളി ''ഞങ്ങൾക്ക് ലിംഗോത്ഭവം വേണ്ടാ'' എന്നു പറഞ്ഞതുകൊണ്ടാണെന്ന് അവനെ പഴിക്കുമായിരുന്നു. സ്വാമി അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ, ആളുകൾ അവനെപ്പറ്റി മോശമായി സംസാരിക്കുകയും പഴിക്കുകയും ചെയ്യുമായിരുന്നു. ഇനിയും ആളുകൾ അവനെ പഴിക്കില്ല. അതിനാൽ, ഈ രീതിയിലും അവൻ വിജയിച്ചു. ആൾക്കൂട്ടത്തിന്റെ പഴിയിൽനിന്ന് അവൻ രക്ഷപ്പെട്ടു. ആ രീതിയിലും അവൻ വിജയിച്ചു.

ഹൃദയപൂർവം അവന്റെ പ്രാർത്ഥന എനിക്ക് സമർപ്പിക്കുന്നതിൽ അവൻ വിജയിച്ചു. അങ്ങനെ, രണ്ടടിസ്ഥാനത്തിലും അവൻ വിജയിച്ചു.''

എന്നിട്ട് അവിടുന്ന് പറഞ്ഞു, ''*നാ കു നൊപ്പുലു ലേവു*.''

*നൊപ്പി* എന്നാൽ വേദന.

സ്വാമി പറഞ്ഞു, ''എന്തായാലും എനിക്ക് വേദനയൊന്നുമില്ല. *അന്നി ഒപ്പുലേ* ''

*ഒപ്പു* എന്നാൽ 'ശരി'.

''എല്ലാം കൃത്യമാണ്-ഒരു *നൊപ്പി*യും-വേദനയുമില്ല, എല്ലാം *ഒപ്പുലേ*-ശരിയാണ്. ഞാൻ ചെയ്യുന്നതൊക്കെ ശരിയാണ്.''

ആ തെലുങ്കുപദം കൊണ്ട് സ്വാമി ഇപ്രകാരമാണ് ശ്ലേഷോക്തി നടത്തിയത്.

## നിങ്ങളുടെ പുകഴ്ത്തലിൽ ഞാൻ വീഴില്ല

അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, ഒരു കാര്യത്തിന് ഞാൻ അവിടുത്തോട് നന്ദി പറയാൻ ആഗ്രഹിക്കുന്നു.''

അവിടുന്ന് പറഞ്ഞു, ''എന്താണത്?''

''അവിടുന്ന് ഇരുന്നുകൊണ്ട് ലിംഗം സൃഷ്ടിക്കുമ്പോൾ, എല്ലാവർക്കുമത് എപ്പോളും കാണാനാവില്ല. ഞാൻ ഉള്ളിൽ പ്രാർത്ഥിക്കുകയായിരുന്നു, 'ഭഗവാൻ, എല്ലാവർക്കും ശിവ ലിംഗോത്ഭവം കാണത്തക്കതരത്തിൽ എന്തുകൊണ്ടാണവിടുന്ന് കുറച്ച് ടി.വി.സെറ്റുകൾ ചുറ്റിനും വയ്പ്പിക്കാത്തത്?' ഞാൻ പ്രാർത്ഥിക്കുകയായിരുന്നു, സ്വാമീ. എന്നാൽ, അവിടുന്ന് അത്രമേൽ ദയാമയനാണ്. ടി.വി.സെറ്റുമൊന്നുമില്ലാതെതന്നെ, വായിൽനിന്നും ശിവലിംഗോത്ഭവം നടക്കുന്ന വേളയിൽ അവിടുന്ന് എണീറ്റുനിന്നു, അതുകൊണ്ട് ഞങ്ങളെല്ലാവർക്കും അത് ദർശിക്കാനായി. അത് അവിടുത്തെ കരുണയായിരുന്നു, സ്വാമീ! വമ്പിച്ച പുരുഷാരം കാരണം എല്ലാവർക്കും ശിവലിംഗോത്ഭവം കാണാനാവുമായിരുന്നില്ല. അവിടുന്ന് കൃപകാട്ടി, എല്ലാവരും വളരെ വളരെ സന്തോഷിക്കുമാറ്, എണീറ്റുനിന്നു.''

അപ്പോൾ സ്വാമി പറഞ്ഞു, "നിന്റെ പുകഴ്ത്തലിൽ ഞാൻ വീണുപോവില്ല. (*ചിരി*) ഇല്ല. നിങ്ങളുടെ സ്തുതിയോ നിന്ദയോ എന്നെ ബാധിക്കുന്നില്ല. ഞാനത് ചെയ്യുന്നത് എന്റെ ആനന്ദത്തിനുവേണ്ടിയാണ്. എന്താണാ ആനന്ദം? എന്റെ എല്ലാ ഭക്തരുടെയും ആനന്ദം എന്നെ ആനന്ദത്തിലാക്കുന്നു, അത്രമാത്രം. നിങ്ങളുടെ സ്തുതി കൊണ്ടല്ല."

ഇപ്രകാരമാണ് അവിടുന്ന് അരുളിച്ചെയ്തത്.

## മായയിൽനിന്ന് പുറത്തുകടക്കാൻ ഞാനെന്തു ചെയ്യണം?

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, ഇക്കൊല്ലത്തെ ശിവരാത്രിക്ക്, ദിവ്യപ്രഭാഷണത്തിനിടയ്ക്ക്, അവിടുന്ന് *മായ*യെപ്പറ്റി പരാമർശിക്കുകയുണ്ടായി. മായയിൽനിന്ന് പുറത്തുകടക്കാൻ ഞാനെന്തു ചെയ്യണം? എന്താണ് ഞാൻ ചെയ്യേണ്ടത്?"

അവിടുന്ന് പറഞ്ഞു, "നീ ഒന്നും ചെയ്യേണ്ട. നീയൊന്നും ചെയ്യേണ്ടതായിട്ടില്ല. എന്താണ് *മായ*, എന്താണ് ഭ്രമം എന്ന് നീ അറിഞ്ഞാൽ മതി. അപ്പോൾ അത് പോവും."

"ഞാനറിഞ്ഞാൽ, അത് പോകുമെന്നോ?"

"അതെ."

"ഞാനൊന്നും ചെയ്യേണ്ടതായില്ല?"

"ശരി. നീയിപ്പോൾ എന്താണ് പറഞ്ഞത്?"

"സ്വാമീ, പ്ലീസ്, എനിക്ക് പിടികിട്ടുന്നില്ല."

അപ്പോളവിടുന്ന് ഒരു ഉദാഹരണം തന്നു. അവിടുന്ന് മിക്കപ്പോഴും തരുന്ന ദൃഷ്ടാന്തമാണിത്.

"നിങ്ങൾ സന്ധ്യാവേളയിൽ നടക്കുകയാണ്. നടക്കുന്ന വഴിക്ക് റോഡിൽ നിങ്ങളൊരു പാമ്പിനെ കാണുന്നു. പെട്ടെന്ന് നിങ്ങളതിനെക്കണ്ട് പേടിക്കുന്നു. നിങ്ങളൊരു ടോർച്ച് തെളിച്ചപ്പോളാണ് മനസ്സിലായത് അത് പാമ്പല്ല എന്നത്. അത് ഒരു കയർ മാത്രമാണ്– കേവലം ഒരു കയറിനെയാണ് പാമ്പെന്നു തെറ്റിദ്ധരിച്ചത്. അത് ഒരു പാമ്പല്ലെന്ന്, അതൊരു കയർ മാത്രമാണെന്ന് ഒരു വട്ടം ധരിച്ചുകഴിഞ്ഞാൽപ്പിന്നെ, നിങ്ങൾ ഭയത്തിൽനിന്ന് മുക്തരായി. പിന്നെ നിങ്ങൾക്ക് ഭയമില്ല."

“അത് *മായ*യാണെന്ന് നിങ്ങൾ അറിഞ്ഞാൽ, അത് പൊയ്പോവും-സത്യം വെളിവാകുമ്പോൾ ഭയം അപ്രത്യക്ഷമാവുന്നതുപോലെ. ഇതുപോലെ, അത് *മായ* അഥവാ ഭ്രാന്തിയാണെന്ന് നിങ്ങൾ അറിയുമ്പോൾ, ആ അവബോധംകൊണ്ടുതന്നെ അത് വിട്ടുപോവും.”

## ആവരണം നീക്കൽ: ആത്മാവബോധം

അപ്പോൾ സ്വാമി കുറച്ച് ദൃഷ്ടാന്തങ്ങൾ തന്നു. 40-50 വയസ്സിനടുത്ത്, ചിലപ്പോൾ നമുക്ക് കണ്ണിൽ ഒരു പാട രൂപപ്പെട്ട് കാഴ്ചശക്തി കുറയ്ക്കുന്ന, തിമിരം(cataract) എന്ന അവസ്ഥ വന്നേക്കാം. ഇക്കാലത്ത് ചെറുപ്പക്കാർക്കും ഇത് കാണുന്നുണ്ട്. കണ്ണിനെ മൂടുന്ന ഈ പാട വരുന്നത് നമ്മുടെ കണ്ണിൽനിന്നുതന്നെയാണ്, പുറത്തുനിന്നല്ല. എന്റെ അയൽപക്കത്തെ വീട്ടിൽനിന്നുവന്ന് എന്റെ കണ്ണിൽ കയറിയതല്ല ഈ പാട. എന്റെ കണ്ണിലെ നേത്രഗോളത്തെ ആവരണം ചെയ്യുന്ന ഈ സ്തരം വന്നത് എന്റെ കണ്ണിൽനിന്നുതന്നെയാണ്.

ഇതുപോലെ, ഒരു കുളത്തിൽ വെള്ളമുണ്ട്. അത് പായൽ മൂടിയിരിക്കുകയാണ്. പായലുണ്ടാകുന്നത് വെള്ളത്തിലാണ്, അതേ പായൽ വെള്ളത്തെ പൊതിഞ്ഞിരിക്കുകയാണ്. ഇതിൽ യുക്തിയുണ്ടോ? ഇവിടെയൊരു തീയുണ്ട്. തീയിൽനിന്ന് ചാരം ഉണ്ടാകുന്നു; ഇതിനിടയിൽ, ചാരം തീയിനെ പൊതിയുന്നു. മേഘത്തിനു കാരണം സൂര്യനാണ്, മേഘം സൂര്യനെ മറയ്ക്കുന്നു. ഇതുപോലെ, *മായ* നിങ്ങളിൽനിന്ന് ഉത്ഭവിക്കുന്നു. ആരും നിങ്ങളെ *മായ*യിലേക്ക് തള്ളിയിട്ടതല്ല. അത് നിങ്ങളുടെ ഉള്ളിൽനിന്ന് ഉത്ഭവിച്ചതാണ്. അതിനാൽ, നിങ്ങളതിനെ പുറത്താക്കണം. മായയിൽനിന്ന് പുറത്തുകടക്കുകയെന്നത് നിങ്ങളുടെ കർത്തവ്യമാണ്, കാരണം അത് നിങ്ങളുടെ ഉള്ളിലാണ്. അത് പുറമേയുള്ള ആരിൽനിന്നും വന്നതല്ല. ഇത്, ദയവായി, വ്യക്തമായോ? ഭഗവാൻ നൽകിയ ഉദാഹരണങ്ങളാണവ.



“അപ്പോൾ, ഞാനെന്തു ചെയ്യും, സ്വാമീ? അത് എന്റെയുള്ളിൽനിന്ന് ഉത്ഭവിച്ചതാണ്, ശരി. ഞാനെന്തു ചെയ്യണം?” (*ചിരി*)

അപ്പോൾ അവിടുന്ന് അരുളി, “ചാരം മൂടിയ തീയുണ്ടിവിടെ. നീ എന്തു ചെയ്യും?(*അനിൽകുമാർ തീയിൽനിന്ന് ചാരം ഊതിക്കളയുന്നതുപോലെ കുറച്ചുവട്ടം ഊതുന്നു*). അത് ഊതിക്കളയുക. ചാരം നീങ്ങിയിട്ട് നിങ്ങൾക്ക് തീ കാണാനാവും.

പായൽ മൂടിയ വെള്ളമുണ്ടിവിടെ. നീ എന്തു ചെയ്യണം? പായൽ നീക്കുക, നിങ്ങൾക്ക് വെള്ളം കാണാം. മേഘങ്ങൾ സൂര്യനെ മറയ്ക്കുന്നു. നീ എന്തു ചെയ്യണം? കാത്തിരിക്കുക. കാറ്റു വന്ന് എല്ലാ മേഘങ്ങളെയും നീക്കും. അപ്പോൾ നിശ്ചയമായും സൂര്യൻ അതിന്റെ പ്രകാശം ചൊരിയും. നിങ്ങൾക്ക് സൂര്യപ്രകാശം കാണാനാവും."

"അതുകൊണ്ട്, ചാരം ഊതിക്കളയുക, പായൽ നീക്കുക, കാറ്റ് മേഘങ്ങളെ നീക്കുക-ഇവയെയൊക്കെ അവബോധം അഥവാ ആത്മാവിനെപ്പറ്റിയുള്ള ജ്ഞാനവുമായി(awareness or knowledge of the Self) താരതമ്യം ചെയ്യാം. നിങ്ങൾക്ക് ആത്മജ്ഞാനമുണ്ടെങ്കിൽ, 'ഞാൻ ആരാണ്' എന്ന യാഥാർത്ഥ്യം അറിയുമെങ്കിൽ, മായയുടെ, വിഭ്രാന്തി ആവരണം താനേ പൊയ്പോവും."

അത്രമേൽ സുന്ദരമായ ഒരു മറുപടി!

ഇതിനെയാണ് ഭഗവാനു മാത്രം വിശദീകരിക്കാനാവുന്ന, 'അവബോധം', 'ആത്മജ്ഞാനം' എന്നൊക്കെ പറയുന്നത്. ഇത്ര ലളിതമായ രീതിയിൽ മറ്റാർക്കും ഇത് വിശദീകരിക്കാനാവില്ല.

പക്ഷേ, ഒരു ദുർബലവ്യക്തിയെന്ന നിലയ്ക്ക് (*ചിരി*)എന്റെ തലയിലൊരു വശത്തായി അപ്പോഴും ഏതാനും ചോദ്യങ്ങൾ അവശേഷിച്ചിരുന്നു.

## മായ തിരികെ വരുമോ?

"സ്വാമീ!"

"ശരി...എന്താണ്?"

"*മായ* പൊയ്പോയി. *മായ* എന്നിലേക്ക് തിരികെ വരുമെന്ന അപകടമുണ്ടോ? വിഭ്രാന്തിയകന്നു. അത് തിരികെ എത്തുമോ, അതോ അത് സ്ഥിരമായി പോകുന്നതാണോ?"

ബാബ ചിരിച്ചിട്ട് പറഞ്ഞു, "ഈ മൂന്നു കാര്യങ്ങൾ ഓർമ്മിക്കുക: ഒന്ന്, അത് വരികയാണെങ്കിൽ, അതൊരിക്കലും പോവില്ല. രണ്ട്, അത് പോവുകയാണെങ്കിൽ, അതൊരിക്കലും തിരികെവരില്ല. മൂന്ന്, അതൊരിക്കലും വരികയോ പോവുകയോ ചെയ്യുന്നില്ല."

ഓ-ഹോ! മൂന്നു കാര്യങ്ങൾ-ഞാൻ ഒരു ചോദ്യം ചോദിച്ചതേയുള്ളൂ, സ്വാമി മൂന്ന് ഉത്തരങ്ങൾ തന്നിരിക്കുന്നു!




"അവ എന്തൊക്കെയാണ് സ്വാമീ?"

"ഒന്ന്, അത് വരികയാണെങ്കിൽ ഒരിക്കലും പോവില്ല-ജ്ഞാനം അഥവാ അവബോധമാണത്. രണ്ട്, അത് പോവുകയാണെങ്കിൽ ഒരിക്കലും തിരികെവരില്ല-അജ്ഞാനമാണത്. മൂന്ന്, ഒരിക്കലും വരികയോ പോവുകയോ ചെയ്യുന്നില്ല-അത് നിങ്ങളുടെ യഥാർത്ഥ സ്വത്വം, ആത്മാവ്(Self), ചേതന(Self), പ്രജ്ഞ(consciousness) ആണ്."

## രാഹുകാലം എന്താണ്?

ഉം, ശരി. ചർച്ച കുറച്ചുകൂടി ലഘൂകരിക്കുന്നതിന് ഞാനാഗ്രഹിച്ചു.

"സ്വാമീ, രാഹുകാലം എന്താണ്?"

വെളുപ്പിന് 3 മണി തൊട്ട് 4.30 വരെ രാഹുകാലമാണ്, 5 മുതൽ 6.30am വരെ രാഹുകാലമാണ് എന്നൊക്കെ ഭക്തർ പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടാവും. ഇക്കാലത്തുപോലും എനിക്കിതിനെപ്പറ്റി ഒന്നും മനസ്സിലായിട്ടില്ല. എനിക്കിതിൽ ഒരു വിശ്വാസവുമില്ല-അതെക്കുറിച്ച് സത്യസന്ധമായി പറയട്ടെ. അതുകൊണ്ട് ബാബ അതെപ്പറ്റി സംസാരിക്കുമ്പോൾ, ഭക്തർ അതെപ്പറ്റി സംസാരിക്കുമ്പോൾ, മര്യാദയും മാന്യതയും ഓർത്ത് ഞാൻ മിണ്ടാതിരിക്കും. പക്ഷേ, രാഹുകാലത്തെപ്പറ്റി എനിക്ക് ഒരു അറിവുമില്ല. ചർച്ച കുറച്ചു ലഘൂകരിക്കുന്നതിനായാണ് ഞാൻ ആ ചോദ്യം ഉന്നയിച്ചത്, കാരണം ഈ നേരംവരെ വളരെ കനത്തതായിരുന്നു അന്തരീക്ഷം. (*ചിരി*)

അതിനാൽ, ഞാൻ സ്വാമിയോട് തിരക്കി, "രാഹുകാലം എന്താണ്?" (വ്യക്തിപരമായി എനിക്കതിൽ വിശ്വാസമില്ലാതിരുന്നിട്ടും).

"രാഹുകാലം അമംഗളകരമായ നേരമാണ്. ഗ്രഹസംയോഗവേളയാണ്, ഭൂമി സൂര്യനു ചുറ്റും ഭ്രമണം ചെയ്യുമ്പോൾ ഭൂമദ്ധ്യരേഖയ്ക്കടുത്ത അതിന്റെ സ്ഥാനത്തെയാണ് അത് സൂചിപ്പിക്കുന്നത്. ഇതാണ് *രാഹുകാലം* എന്ന് അറിയപ്പെടുന്നത്?"

“ഓഹോ. സ്വാമീ, അതെന്നെ എങ്ങനെ ബാധിക്കാനാണ്? ഗ്രഹം അപ്രകാരം ചുറ്റുമ്പോൾ, സൂര്യന്റെ നില അപ്രകാരമാവുമ്പോൾ, അതിന് ഞാനുമായി ബന്ധമെന്താണ്?”



അപ്പോൾ അവിടുന്ന് പറഞ്ഞു, “ആ വേളയിൽ, സൂര്യന്റെ രശ്മികളിൽ കുറച്ച് വിഷാംശം ഉണ്ടാവും. അത് ശ്രദ്ധിക്കേണ്ടതാണ്. ആ വേളകളിൽ നിങ്ങൾ ചെയ്യുന്നതെല്ലാം സഫലമാവണമെന്നില്ല അഥവാ വിജയിക്ക[redacted]ണമെന്നില്ല. അതുകൊണ്ട്, രാഹുകാലം വളരെയധികം ആചരിക്കപ്പെടുന്നുണ്ട്.” ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

ശരി. പക്ഷേ, ഞാൻ കൂടുതലൊന്നും ചോദിച്ചില്ല, കാരണം, ആദ്യമായി, ഞാൻ ആ വിഷയത്തിൽ അത്ര തത്പരനല്ല. രണ്ടാമതായി, ഞാൻ കൂടുതൽ ചോദിച്ചാൽ ആ വിഷയത്തിലുള്ള എന്റെ അജ്ഞത വെളിവാക്കേണ്ടിവരും എനിക്ക്. റിസ്ക് എടുക്കാൻ എനിക്ക് താത്പര്യമില്ലായിരുന്നു. അതുകൊണ്ട്, കൂപ്പുകൈകളോടെ ഞാൻ വെറുതെ മിണ്ടാതിരുന്നു.

## “ഞാൻ എനിക്കുചുറ്റിനുമൊരിടത്തും രാഷ്ട്രീയം ആഗ്രഹിക്കുന്നില്ല”

അപ്പോൾ ഒരു വലിയ രാഷ്ട്രീയക്കാരൻ, ഒരു മുൻമന്ത്രി, ആ ദിവസം സ്വാമിയെ കാണാൻ വന്നു.

അദ്ദേഹം പറഞ്ഞു, “സ്വാമീ, അവിടുന്ന് വേറിട്ടതാണ്. ഈ രാജ്യത്തെ മുഴുവൻ കോളജുകളും സർവകലാശാലകളും അവിടുന്ന് നടത്തണം. എല്ലാ മന്ത്രിമാരുടെയും പ്രാർത്ഥനയാണത്. ഓരോരുത്തരുടെയും പ്രാർത്ഥനയാണത്. അവിടുന്ന് ആസ്പത്രികൾ നടത്തുന്നു. അവിടുന്ന് സർവകലാശാലകൾ നടത്തുന്നു. അത് അത്യുത്കൃഷ്ടമാവും.”

ബാബ ബാബയാണ്. അവിടുന്ന് പറഞ്ഞു, “എന്റെ ഭരണത്തിന് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല. നിങ്ങൾ വരികയും പോവുകയും ചെയ്യും. നിങ്ങളുടെ ആൾക്കാർ പാർട്ടി മാറും. പക്ഷേ, ഞാൻ വരികയോ പോവുകയോ ചെയ്യുന്നില്ല. എനിക്ക് മാറ്റമില്ല. അദ്വിതീയമായതൊന്നേ( One-without-a-second) ഒന്ന് ഞാനാണ്. ഞാൻ കർമ്മം തുടരുന്നു, അത്രമാത്രം. രാഷ്ട്രീയം ഞാൻ സദാ എന്നിൽനിന്നും അകറ്റി നിർത്തുന്നു. എനിക്ക് ചുറ്റും ഒരിടത്തും ഞാൻ രാഷ്ട്രീയം ആഗ്രഹിക്കുന്നതേയില്ല. നിങ്ങൾ രാഷ്ട്രീയക്കാർക്ക് നിങ്ങളുടെ നാവ് എങ്ങനെ വേണമെങ്കിലും വളയ്ക്കാം. ഇന്ന് നിങ്ങൾ ‘അതെ’ എന്നു പറയും, നാളെ

നിങ്ങൾ 'അല്ല' എന്നു പറയും. ഞാനാ തരമല്ല. ഞാൻ എന്തു പറഞ്ഞാലും, അത് ഒന്നേയുള്ളൂ. ഞാൻ അതിൽ ഉറച്ചുനിൽക്കും, ഞാനതിൽ സ്ഥിരമായി നിൽക്കും, ഞാനത് നടപ്പാക്കും.'' ഭഗവാൻ ഇപ്രകാരമാണ് അരുളിയത്.

## സുവർണലിംഗം

സായാഹ്നവേള അത്രയ്ക്ക് ഗൗരവതരമായി പര്യവസാനിക്കാനാവാത്തതു കാരണം, ഞാൻ പതുക്കെ ഒരു ഗുഡ്ബൈ പറയാനായി കൊതിച്ചു.

''സ്വാമീ, അവിടുന്ന് സൃഷ്ടിച്ച ആ ലിംഗം സുവർണലിംഗം ആണല്ലോ. അത് ശരിക്കും സ്വർണ്ണം തന്നെയോ? അവിടുത്തെ ശരീരത്തിൽനിന്ന് പുറത്തുവന്ന ആ സുവർണലിംഗം, അത് സ്വർണ്ണം തന്നെയാണോ?''




അവിടുന്ന് പറഞ്ഞു, ''അതെ, തീർച്ചയായും.''

''ഓ, അതേയോ.''

അപ്പോൾ ഭഗവാൻ പറഞ്ഞു, ''നിങ്ങളുടെ ശരീരത്തിൽ എല്ലാ ലോഹങ്ങളുമുണ്ട്. ഓരോ മനുഷ്യശരീരത്തിലും എല്ലാ ലോഹങ്ങളുമുണ്ട്, സ്വർണം ഉൾപ്പടെ. ശരീരത്തിലുള്ള ഈ സ്വർണം, അതികഠിനമായ ചൂടിനാൽ, ഒരു പ്രത്യേക ആകൃതി കൈക്കൊള്ളുന്നു. അതൊരു നിശ്ചിത ആകൃതി കൈക്കൊള്ളുമ്പോൾ, താപം ബഹിർഗമിക്കുന്നു. താപം കാരണത്താലാണ് അതൊരു നിശ്ചിത ആകൃതി കൈക്കൊള്ളുന്നത്. ഈ ലിംഗം അതിയായ ശക്തിയോടെ ബഹിർഗമിക്കുന്നു. അതുകൊണ്ടാണ്-നിങ്ങൾ ശ്രദ്ധിച്ചുകാണും -ലിംഗം പുറത്തുവന്നു-ടക്! അതിശക്തിയോടെ, അത് നിലത്തു വീണു. നിങ്ങൾ കണ്ടുകാണും. അതുകൊണ്ട്, രൂപപ്പെടുന്ന ഊഷ്മാവുകാരണം, സ്വർണം ലിംഗാകൃതി കൈക്കൊള്ളുകയും പെട്ടെന്ന് വലിയ ശക്തിയോടെ പുറന്തള്ളപ്പെടുകയും ചെയ്യുന്നു. ഇത് *ഹിരണ്യഗർഭലിംഗ*മാണ്.''

ഇതാണ് ഭഗവാൻ അരുളിയത്.

''ഓ, സ്വാമീ.''

“ഇത് നിങ്ങളിലും ഉണ്ട്. പക്ഷേ, എനിക്കത് പുറത്തുകൊണ്ടുവരാനാവും, നിങ്ങൾക്ക് കഴിയില്ല.”

## അവിടുന്ന് എല്ലാ പേരുകളും പരാമർശിക്കുന്നു

അടുത്ത ദിവസം, ഭഗവാൻ അവിടുത്തെ പഴയ കാലത്തെപ്പറ്റി സംസാരിക്കാനാരംഭിച്ചു. അവിടുന്ന് ഡെൽഹി, മദ്രാസ് യാത്രകളെപ്പറ്റി പറഞ്ഞു. അവിടുന്ന് മദ്രാസിലെ എല്ലാ തെരുവുകളുടെയും പ്രദേശങ്ങളുടെയും പേരുകൾ പരാമർശിക്കുകയായിരുന്നു.

അപ്പോൾ ഞാൻ പറഞ്ഞു, “സ്വാമീ, അവിടുന്നിന് മദ്രാസിലെ എല്ലാ പ്രദേശങ്ങളുടെയും പേരുകൾ അറിയാമോ?”

“ഹേ! ഞാൻ പതിനൊന്നു വയസ്സു തൊട്ട് മദ്രാസ് സന്ദർശിക്കുകയാണ്. കേവലം പതിനൊന്നു വയസ്സുള്ളപ്പോൾ, ഞാൻ മദ്രാസിൽ പോയി. എനിക്ക് മദ്രാസ്സിന്റെ മുക്കും മൂലയുമറിയാം.”

ഇതാണവിടുന്ന് വെളിപ്പെടുത്തിയത്.

എന്നിട്ടവിടുന്ന് കുറെ ആളുകളുടെ പേരുകൾ പരാമർശിച്ചു-വലിയ മഹാന്മാർ, കേന്ദ്രമന്ത്രിമാർ, സംസ്ഥാനമന്ത്രിമാർ, കലാകാരന്മാർ, മഹാരാജാക്കന്മാർ, ജമീന്ദാർമാർ, ജഡ്ജിമാർ-ഭഗവാൻ മദ്രാസ് സന്ദർശിച്ചപ്പോൾ കൂടിക്കാഴ്ച നടത്തിയവരാണ് അവരൊക്കെ. മദ്രാസ് സന്ദർശിച്ചപ്പോൾ തന്നെ സന്ദർശിച്ച എല്ലാ മഹദ്വ്യക്തികളെപ്പറ്റിയും സ്വാമി വിവരിക്കുന്നത് തുടർന്നു.

അപ്പോൾ സ്വാമി പറഞ്ഞു, “ഇവിടെ നോക്കൂ, തേനീച്ചകൾ പൂവിലെ തേൻ നുകരാനായി എത്തിച്ചേരുന്നതുപോലെയാണ് ആളുകൾ ഈ സ്ഥലത്തേക്ക് ആകർഷിക്കപ്പെടുന്നത്. എല്ലാ ആളുകളും ഇവിടം സന്ദർശിച്ചിട്ടുണ്ട്.”

## വൃക്ഷം അതിന്റെ ജന്മസ്ഥലത്ത് വളരണം

അപ്പോൾ സ്വാമി ഒരു പ്രസ്താവന നടത്തി, ഇന്നു സായാഹ്നവേള അതോടെ ഞാൻ പര്യവസാനിപ്പിക്കാം. ദയവായി ഈ സുപ്രധാന പ്രസ്താവന ശ്രദ്ധിച്ചാലും.

“നിരവധി ആളുകൾ ഇവിടം സന്ദർശിച്ചിട്ടുണ്ട്, പുട്ടപർത്തി ഒരു കുഗ്രാമം ആയതിനാൽ, നഗരങ്ങളിലേക്ക് മാറാനായി അവരൊക്കെ എന്നോട് അപേക്ഷിച്ചിട്ടുണ്ട്. അക്കാലത്ത്, ഇവിടെ അപ്രോച്ച് റോഡുകളോ ബസ്സുകളോ ഉണ്ടായിരുന്നില്ല. ആളുകൾ കാളവണ്ടിയിൽ

യാത്ര ചെയ്യേണ്ടിയിരുന്നു. നിങ്ങൾക്ക് അതറിയാമോ? ഇവിടെ എത്തിച്ചേരുന്നതിനവർക്ക് വളരെ ബുദ്ധിമുട്ടായിരുന്നു."

അതിനാൽ, നഗരവാസികൾ സ്വാമിയോട് പ്രാർത്ഥിക്കുകയുണ്ടായി, "സ്വാമീ, ദയവായി ബാംഗ്ലൂരിലേക്ക് വന്നാലും, അവിടെ ട്രെയിനുകളും ബസ്സുകളും വിമാനങ്ങളുമുണ്ടല്ലോ. എന്തുകൊണ്ടാണവിടുന്ന് വരാത്തത്?"

എന്നാൽ ബാബ പറഞ്ഞു, "ഇല്ല. വിത്ത് വിതച്ചതെവിടെയോ, നട്ടതെവിടെയോ, അവിടാണ് മരം വളരേണ്ടത്. മരം വളരേണ്ടത് അത് ജനിച്ചിടത്താണ്, മറ്റൊരിടത്തല്ല."

സ്വാമി കൊടുത്ത മറുപടി ഇതായിരുന്നു.




ഇന്ന് ഈ സ്ഥലത്തിന്റെ പ്രാധാന്യം നമുക്കറിയാം-ഒരു കുഗ്രാമം ഒരു ആഗോളഗ്രാമമായി, സകല രാജ്യത്തുമുള്ള ജനങ്ങളെ ആകർഷിച്ച്, എല്ലാ രാഷ്ട്രങ്ങളിൽനിന്നും വന്നുചേരുന്നവർക്ക് ശാന്തി. സാന്ത്വനം, ആനന്ദം ഇവ നൽകുന്നു. ഭഗവാൻ ശ്രീ സത്യസായിബാബയുടെ ദിവ്യമായ മാസ്റ്റർ പ്ലാനാണിത്.

*ജയ് ബോലോ ഭഗവാൻ ശ്രീ സത്യസായിബാബ കീ ജയ്!*

*ഓം ഓം ഓം!*

*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ഓം ശാന്തി ശാന്തി ശാന്തി:*



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)